"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം നഗരസഭയിലെ അംബേദ്കർ നഗർ കോളനിയിലെ ശ്രീമതി കനകബാബുവിന് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.2121/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 15/02/2025 ലെ 4446/സിസി/2019/ലൈഫ്(2) നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡി നേഷൻ കമ്മിറ്റിയുടെ 24/06/2025 ലെ ഖണ്ഡിക 4.60 തീരുമാനം

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ 2017-ലെ ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ട കൊല്ലം അംബേദ്കർ കോളനിയിലെ ശ്രീമതി. കനക ബാബു ഉൾപ്പെട്ട റേഷൻ കാർഡിലെ മറ്റൊരു അംഗത്തിന് വീടുള്ളതിനാൽ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മാണാനുകൂല്യത്തിന് പരിഗണിക്കുവാൻ സാധിക്കുകയില്ല. പ്രമേഹരോഗിയായ ഭർത്താവും മാനസിക വെല്ലുവിളി നേരിടുന്ന മകനും ഉൾപ്പെടുന്ന ടി കുടുംബത്തിന് സ്വന്തമായി ഭൂമിയോ വീടോ ഇല്ല. ആയതിനാൽ ഈ കുടുംബത്തിന്റെ ദയനീയ സാഹചര്യം പരിഗണിച്ച് ശ്രീമതി കനക ബാബുവിനേയും കുടുംബത്തിനേയും ലൈഫ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകാമെന്ന് പരാമർശം 1 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025 ലെ യോഗം ഈ വിഷയം പരിശോധിച്ചു. റേഷൻ കാർഡിലെ മറ്റൊരംഗത്തിന് വീട് ലഭിച്ചത് ലൈഫ് ഭവന പദ്ധതിയിലല്ല എന്നതും കുടുംബനാഥയ്ക്ക് മാനസിക വെല്ലുവിളി നേരിടുന്ന മകനുണ്ട് എന്നതു പരിഗണിച്ചും, കൊല്ലം നഗരസഭയിലെ അംബേദ്കർ നഗർ കോളനിയിലെ

ശ്രീമതി കനകബാബുവിന് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം നഗരസഭ

ശ്രീമതി കനകാബാബു (സെക്രട്ടറി, കൊല്ലം നഗരസഭ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡിഎ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sheeba. S. C
Date: 27-08-2025 11:14:25
സെക്ഷൻ ഓഫീസർ